# മെത്രാപ്പോലീത്തായുടെ കത്ത്



(സെപ്റ്റംബർ 2015)

**കർത്താവിൽ പ്രിയരേ,**

ഓണക്കാലത്ത് എത്തുന്ന വിശിഷ്ടാതിഥികളായ ഓണത്തുമ്പികളും പൂവാടികളിൽ പറന്നു നടക്കുന്ന പൂക്കളെപ്പോലെ ചിത്രശലഭങ്ങളും ഒരുമയുടെയും സൗഹൃദത്തിന്റെയും ദൃശ്യാവിഷ്കാരങ്ങളായ പൂക്കളങ്ങളും കൂടിവരവുകളിൽ ബന്ധങ്ങളുടെ രുചി പകരുന്ന ഓണസദ്യയും ആവേശവും ഉന്മേഷവും ഉണർത്തുന്ന ഓണക്കളികളും എല്ലാം ചേർന്ന് സമ്മാനിക്കുന്ന ഊഷ്മളമായ അനുഭവങ്ങളും ഒരു നല്ല കാലത്തിന്റെ ഓണസ്മൃതികളും പുത്തൻ പ്രതീക്ഷകളുടെ താലപ്പൊലികളുമേന്തിയാണ് ലോകമെങ്ങുമുള്ള മലയാളികൾ ഈ വർഷവും ഓണത്തെ വരവേല്ക്കുന്നത്. എന്നാൽ ലോക രാഷ്ട്രീയ രംഗങ്ങളിൽ അസ്വസ്ഥതയുടെ ഇരുണ്ട പുകച്ചുരുളുകൾ ഇപ്പോഴും രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ ഭീതി വിതച്ച് ഉയർന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത ആശങ്കാജനകമാം വിധം ഗുരുതരമാണ്. ആഗോള സാമ്പത്തീക രംഗവും ഇന്ന് അനിശ്ചിതാവസ്ഥയുടെ പിടിയിലാണ്. ചൈനയിലെ സാമ്പത്തിക തകർച്ച ആഗോള വ്യാപകമായി തന്നെ സമ്പദ്വ്യവസ്ഥയ്ക്ക് കടുത്ത ആഘാതം ഏല്പിച്ചിരിക്കുകയാണ്. അതിനു പരിഹാരം കണ്ടെത്തുവാനുള്ള പരിശ്രമങ്ങളിലാണ് ഇന്ന് ലോകരാഷ്ട്രങ്ങൾ ഏർപ്പെട്ടിരിക്കുന്നത്. ഗ്രീസിന്റെ സാമ്പത്തിക തകർച്ചയ്ക്ക് പൂർണ്ണ പരിഹാരം കാണുവാൻ നാളിതുവരെ സാധ്യമായില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്. ഭാരതത്തിൽ ഇന്ത്യൻ രൂപായുടെ മൂല്യശോഷണം നമ്മുടെ സമ്പദ്വ്യവസ്ഥയിൽ ആശങ്ക പരത്തുന്നുമുണ്ട്. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ പാർലമെന്റിന്റെ വർഷകാല സമ്മേളനം നടന്നതെങ്കിലും അതിന്റെ നടത്തിപ്പിനും മറ്റുമായി രാഷ്ട്രത്തിനു കോടികളുടെ നഷ്ടം വന്നതല്ലാതെ ആരോപണ പ്രത്യാരോപണങ്ങൾക്ക് വേദിയായി മാറിയ ആ സമ്മേളനത്തിൽ ഭരണപരമായ നടപടികൾ കാര്യമായിട്ടൊന്നും തന്നെ നടക്കാതെ സമ്മേളനം പര്യവസാനിച്ചു എന്നത് എത്രയോ വേദനാജനകമാണ്. കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതമായ നിലപാടുകൾ രാഷ്ട്രത്തിന്റെ ഭാവിയെ തന്നെ പ്രതിസന്ധിയിലാക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമത്രേ. പാർലമെന്റ് സമ്മേളനം ആകമാനം വിലയിരുത്തി ഒരു ആത്മപരിശോധന നടത്തിയാൽ ബാക്കിപത്രമായി അവശേഷിക്കുന്നത് നഷ്ടത്തിന്റെ കണക്കു മാത്രമാണ്.

നമ്മുടെ സഭാ മണ്ഡലം സെപ്റ്റംബർ 1,2,3 തീയതികളിൽ കൂടുന്നതിന് ക്രമീകരണം ചെയ്തിരിക്കുകയാണ്. സെപ്റ്റംബർ 2-ാം തീയതി പല രാഷ്ട്രീയ കക്ഷികളും ദേശീയ പണിമുടക്ക് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 2-ാം ദിവസത്തെ നടപടി ക്രമം സംബന്ധിച്ച് പ്രത്യേകം ക്രമീകരണങ്ങൾ ചെയ്യേണ്ടതായി വരുമെന്ന് പ്രതീക്ഷിക്കുന്നു. സഭയുടെ പ്രതീക്ഷിതമായ പല പദ്ധതികളും അതിന്റെ പൂർത്തീകരണത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു എന്നത് സന്തോഷകരമായ ഒരു വസ്തുതയത്രെ. സഭയുടെ ധനാഗമ മാർഗ്ഗങ്ങൾ പ്രതീക്ഷകൾക്കൊത്ത് ഉയർന്നെങ്കിലും മാറി വരുന്ന സാഹചര്യങ്ങളിൽ നമ്മുടെ സാമ്പത്തിക സ്ഥിതി ആശങ്കയുടെ നിഴലിലല്ല എന്ന് പറയുവാൻ സാധിക്കുകയില്ല. അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജീവിത ചെലവിന്റെ പശ്ചാത്തലത്തിലും രൂപായുടെ വിലയിടിവിന്റെ സാഹചര്യത്തിലും കൂടുതലായി വിഭവശേഷി കണ്ടെത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് സഭാ ജനങ്ങൾ സഭയ്ക്ക് നല്കുന്നതായ സംഭാവനകൾ പൂർവ്വാധികം വർദ്ധിപ്പിച്ചു നല്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സഭയുടെ കേന്ദ്ര ഓഫീസുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പ്രധാനമായും ലഭ്യമാകുന്ന വിഭവശേഷി തിരുവല്ലായിലെ സഭാവക കെട്ടിടങ്ങളിൽ നിന്നും ലഭിക്കുന്ന വാടകയാണ്. ഈ വിഭവശേഷിയിൽ ഒരു ശോഷിപ്പ് ഉണ്ടായാൽ അത് സൃഷ്ടിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം നാം പ്രത്യേകം കാണേണ്ടിവരും.

പുലാത്തീന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വ്യക്തികളും, ഇടവകകളും, ഭദ്രാസനങ്ങളും നല്കിക്കൊണ്ടിരിക്കുന്ന സഹായസഹകരണങ്ങൾക്ക് പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സൂക്ഷ്മവും സമഗ്രവുമായ നേതൃത്വം നല്കിയ ശ്രീ. ചെറിയാൻ വർക്കിയോടും ശ്രീ. പി.സി. ഉമ്മനോടും ഉള്ള കടപ്പാടും നന്ദിയും രേഖപ്പെടുത്തിക്കൊള്ളുന്നു. എല്ലാ മാസവും ഒരു ദിവസം പ്രത്യേകമായി നിർമ്മാണപ്രവർത്തനങ്ങളെ വിലയിരുത്തുവാനായി അതിന് നേതൃത്വം നല്കുന്നവർ ഒരുമിച്ച് കൂടിവരികയും പിന്നിട്ട മാസം നടന്ന നിർമ്മാണ പ്രവർത്തനങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യുകയും തുടർന്നു നടക്കേണ്ട പ്രവർത്തനങ്ങൾക്ക് വ്യക്തമായ മാർഗ്ഗരേഖ ആ യോഗത്തിൽ രൂപപ്പെടുത്തുകയും ചെയ്തിരുന്നു. ഇന്നേവരെയുള്ള പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുകയും അദ്ധ്വാനിക്കുകയും ചെയ്ത ഏവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. പൂർത്തീകരിക്കുന്ന 2 നിലകളുടെയും ചാപ്പലിന്റെയും കൂദാശ സഭാപ്രതിനിധി മണ്ഡലത്തിന്റെ ഒന്നാം ദിനമായ സെപ്റ്റംബർ 1-ാം തീയതി വൈകിട്ട് 4 മണിക്ക് നടത്തുന്നതിന് വേണ്ട ക്രമീകരണം ചെയ്തിരിക്കുകയാണ്. മണ്ഡലാംഗങ്ങളുൾപ്പെടെയുള്ള ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

നമ്മുടെ മെഡിക്കൽ മിഷന്റെ പ്രവർത്തനങ്ങളിൽ ഇക്കഴിഞ്ഞ നാളുകളിൽ ഉണ്ടായ ശ്രദ്ധേയമായ വളർച്ച അഭിനന്ദനീയമത്രെ. കറ്റാനത്ത് ഫാർമസി കോളേജ് തുടങ്ങാനുള്ള അനുമതി ലഭിക്കുകയും അനുവദനീയമായ 60 സീറ്റുകളിലേക്ക് പ്രഥമ ബാച്ചിൽ അഡ്മിഷൻ

പൂർത്തിയാകുകയും ചെയ്തു. ഹോസ്കോട്ട് അഞ്ചു വിഷയങ്ങളിൽ എം.എസ്.സി. നേഴ്സിംഗ് കോഴ്സിന് അനുമതി ലഭിച്ചു. അഡ്മിഷൻ ഉടനെ നടക്കുന്നതാണ്. Community Medicine, Paediatric Medicine, Medical Surgical, Psychiatry, Obstetrics & Gynaecology എന്നീ 5 വിഷയങ്ങളിലായി ആകെ പതിനഞ്ചു സീറ്റിലേക്കാണ് അഡ്മിഷൻ നടക്കുന്നത്. കറ്റാനത്ത് ഒരു കാർഡിയാക്ക് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഡയാലിസിസിനുള്ള 9 യൂണിറ്റുകൾ കറ്റാനത്തും 6 യൂണിറ്റുകൾ കുമ്പനാട്ടും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു ദിവസം 30 പേർക്ക് ഡയാലിസിസ് നടത്തുന്നതിന് ഇപ്പോഴത്തെ യൂണിറ്റുകളിൽ അവസരം ഉണ്ട്. അവ യഥാക്രമം 12 ഉം 9 ഉം യൂണിറ്റുകളായി വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് അത് പ്രയോജനപ്പെടും. ഒരു യൂണിറ്റിന് 8 ലക്ഷം രൂപാ വരെ ചെലവു വരുന്നുണ്ട്. ഇക്കാര്യത്തിൽ സുമനസുകളുടെ സംഭാവനകളും സഹകരണവും പ്രതീക്ഷിക്കുന്നു. സാധുക്കളായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നതിന് 650 രൂപാ വച്ച് ഉദാരമതികൾ സ്പോൺസർ ചെയ്താൽ അതൊരു വലിയ സഹായമായിരിക്കും. കറ്റാനത്ത് സൗജന്യ നേത്ര ശസ്ത്രക്രിയയ്ക്ക് 1000/- രൂപ വച്ച് സ്പോൺസർ ചെയ്താൽ ആകെ ചെലവു വരുന്ന 8000/- രൂപായിൽ ബാക്കി വരുന്ന തുക മറ്റ് ഏജൻസികളിൽ നിന്ന് സ്പോൺസർഷിപ്പായി ലഭിക്കും. ഇക്കാര്യത്തിൽ 1000- രൂപ നൽകി സ്പോൺസർ ചെയ്ത് സഹകരിക്കാൻ സഭാജനങ്ങൾ മുമ്പോട്ടു വരണമെന്ന് താല്പര്യപ്പെടുന്നു.

കേരളത്തിന്റെ ദേശീയ ആഘോഷമായ ഓണം ഈ വർഷം ദുഃഖകരമായ പല അനുഭവങ്ങളിലേക്കും വഴി തെളിച്ചു എന്നത് അങ്ങേയറ്റം ദുഃഖകരവും അപലപനീയവുമത്രെ. തിരുവനന്തപുരം സി.ഇ.ടിയിലെ ഒരു വിദ്യാർത്ഥിനി അവിടുത്തെ തന്നെ വിദ്യാർത്ഥികളുടെ ലക്കുകെട്ട ഓണാഘോഷത്തിമിർപ്പിൽ വാഹനാപകടത്തിൽപ്പെട്ട് മരണമടഞ്ഞ സംഭവം ഓണത്തിന്റെ എല്ലാ സന്തോഷത്തെയും കെടുത്തിക്കളയുന്ന ഒരു ദുരന്തമായിരുന്നു. അതിന്റെ തുടർച്ചയായി അടൂരിൽ ഉണ്ടായ സംഭവങ്ങളും സാംസ്കാരിക കേരളത്തിന്റെ ഏറ്റവും തനിമയാർന്ന ഉത്സവത്തെ കരിനിഴലിൽ ആക്കിത്തീർത്ത അനുഭവങ്ങളായിരുന്നു. നമ്മുടെ കോളേജ് കാമ്പസുകൾ ആഘോഷങ്ങളുടെ പേരിൽ ദുരന്തഭൂമികളായി മാറുന്നത് തടയുവാൻ കോളേജ് അധികൃതരും അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും പൊതുസമൂഹവും നീതിപീഠവും ഗവൺമെന്റും ജാഗ്രത പുലർത്തിയില്ലായെങ്കിൽ സാക്ഷരകേരളം രാക്ഷസകേരളമായി മാറുകയും ദൈവത്തിന്റെ സ്വന്തം നാട് പിശാചിന്റെ സ്വന്തം നാടായി പരിണമിക്കുകയും ചെയ്യുവാനുള്ള സാധ്യത ആശങ്ക ഉണർത്തുന്നതാണ്.

ഈ വർഷത്തെ സംസ്ഥാന അധ്യാപക അവാർഡിന് കോട്ടയം മാർത്തോമ്മാ സെമിനാരി ഹയർ സെക്കണ്ടറി സ്കൂളിന്റെ ഹെഡ്മാസ്റ്റർ ശ്രീ. ജോൺസ് വർഗ്ഗീസ് സാറും വാളകം മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഹെഡ്മിസ്ട്രസ് ശ്രീമതി കെ. മേരിക്കുട്ടി ടീച്ചറും അർഹരായി. പ്രത്യേകം അനുമോദനങ്ങൾ അറിയിക്കുന്നു.

ഉത്തരേന്ത്യയിലെ ഗോസ്നർ ഇവാഞ്ചലിക്കൽ ലൂഥറൻ സഭയിലെ ഭിന്നതകൾ പരിഹരിക്കുന്നതിനായുള്ള രണ്ടാമത് സമ്മേളനം ഹൈദരബാദിൽ വച്ച് കൂടിയപ്പോൾ ആ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനും ഭിന്നതകൾ പരിഹരിച്ച് മുമ്പോട്ടു പോകുന്നതിന് വേണ്ട ആലോചനകൾ നല്കുന്നതിനും സാധിച്ചു. നമ്മോടൊപ്പം ഷിയാറ്റ് യൂണിവേഴ്സിറ്റിയുടെ ചാൻസലറും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ ജനറൽ സെക്രട്ടറിയും ചർച്ചകളിൽ പങ്കെടുത്തിരുന്നു. ഇപ്രകാരം പ്രശ്നം പരിഹരിക്കുന്നതിനുള്ള ആർബിട്രേഷൻ കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനം സ്വീകരിക്കണമെന്നുള്ള എൻ.സി.സി.ഐ യുടെ അഭ്യർത്ഥന പ്രകാരം നാം ആ സ്ഥാനം ഏറ്റെടുക്കുകയുണ്ടായി.

നമ്മുടെ രാഷ്ട്രം 69-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു. സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും മതേതരത്വവും ജനാധിപത്യവും ഉയർത്തിപ്പിടിക്കുന്ന ആർഷ സംസ്കാരത്തിന്റെ ഉദാത്തമായ മൂല്യങ്ങളെ പ്രായോഗികമാക്കാനുള്ള മഹത്തായ അവസരമായിട്ടാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെ സ്വാതന്ത്ര്യസമര സേനാനികൾ കണ്ടിരുന്നത്. മഹാത്മാഗാന്ധിയുടെ വലിയ സ്വപ്നത്തിൽ നിന്ന് അകന്നകന്നു പോകുന്ന അനുഭവമായി സ്വാതന്ത്ര്യദിനാചരണങ്ങൾ പരിണമിക്കാതിരിക്കുവാൻ ഏവരും ശ്രദ്ധിക്കണം. ഗാന്ധിജിയുടെ 'രാമരാജ്യം' എന്ന രാഷ്ട്രസങ്കല്പം ദൈവത്തിന്റെ സ്വന്തം രാജ്യമാക്കി രാഷ്ട്രത്തെ രൂപാന്തരപ്പെടുത്തുവാനുള്ള ഉദാത്തമായ സ്വപ്നത്തിന്റെ ഉള്ളടക്കമായിരുന്നു. ആ ദർശനത്തിലേക്കാണ് നമ്മുടെ നാട് ഉണരേണ്ടത്.

സെപ്റ്റംബർ മാസത്തിലെ ആദ്യഞായറാഴ്ച വിദ്യാഭ്യാസദിനമായി നാം ആചരിക്കുകയാണ്. ഇന്ത്യയുടെ പ്രഥമ പൗരനും ലോകം ആദരിക്കുന്ന ദാർശനികനും ശ്രേഷ്ഠ ഗുരുവുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമാണല്ലോ രാഷ്ട്രം അധ്യാപകദിനമായി ആചരിക്കുന്നത്. അധ്യാപകദിന ചിന്തകളോടൊപ്പം ക്രിസ്തു എന്ന ശ്രേഷ്ഠഗുരുവിന്റെ മഹനീയങ്ങളായ ഗുണഗണങ്ങളെ നാം തിരിച്ചറിയുവാൻ ഞായറാഴ്ചയിലെ ധ്യാനം പ്രചോദനകരമായിത്തീരണം. ലോകം കണ്ടിട്ടുള്ള ഏറ്റവും ശ്രേഷ്ഠനായ ഗുരുവായ ക്രിസ്തുവിന്റെ അധ്യാപനശൈലി മറ്റുള്ളവരെ മനസ്സിലാക്കി, അവരുടെ ചോദ്യങ്ങൾക്ക് അവരെക്കൊണ്ടു തന്നെ ഉത്തരം പറയിപ്പിക്കുന്ന ശൈലിയായിരുന്നു. "നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യണം"? എന്ന ഒരു ന്യായശാസ്ത്രിയുടെ ചോദ്യത്തിന് ഒരു ഉപമയിലൂടെ യേശു മറുപടി നല്കുന്നത് ഉദാത്തമായ അധ്യാപനശൈലിയുടെ ദൃശ്യമായ ഒരു ആവിഷ്കാരമാണ്. "എന്റെ കൂട്ടുകാരൻ ആര്"? എന്ന ഉപചോദ്യം ചോദിച്ച ആ ന്യായശാസ്ത്രിയെക്കൊണ്ടു തന്നെ ഉത്തരം പറയിപ്പിക്കുവാൻ യേശു ശ്രദ്ധിച്ചു. കർത്താവും ശമര്യാക്കാരി സ്ത്രീയും തമ്മിലുള്ള കണ്ടുമുട്ടലിൽ യാഥാർത്ഥ്യത്തെ മറച്ചുവച്ചുകൊണ്ട് മറ്റു വിഷയങ്ങളിലേക്ക് സംഭാഷണത്തിന്റെ ഗതി തിരിച്ചുവിടാൻ ശമര്യാക്കാരി ബോധപൂർവ്വം ശ്രമിക്കുമ്പോൾ യഥാർത്ഥ പ്രശ്നത്തിലേക്ക് അവളുടെ ശ്രദ്ധയെ തിരിച്ചുകൊണ്ടുവരുവാനാണ് യേശു എന്ന ശ്രേഷ്ഠ ഗുരു ശ്രമിച്ചത്. തന്റെ അടുക്കൽ, തന്നെ കുടുക്കുവാനായുള്ള കുടുക്കു ചോദ്യങ്ങളുമായി വന്നവരെക്കൊണ്ടുപോലും അവരുടെ ചോദ്യത്തിന് അവരെക്കൊണ്ടു തന്നെ ഉത്തരം പറയിപ്പിക്കുന്ന യേശുവിന്റെ ശൈലിയുടെ സമുന്നതമായ ഒരു മാതൃകയാണ് "കൈസർക്കു കരം കൊടുക്കുന്നത് വിഹിതമോ" എന്ന ചോദ്യത്തിനു "കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പീൻ" എന്ന യേശുവിന്റെ മറുപടി. ഒരു ശ്രേഷ്ഠ ഗുരു വിദ്യാർത്ഥികളെയും അവരുടെ ചുറ്റുപാടുകളെയും മനസ്സിലാക്കി

പഠിപ്പിക്കുന്ന ആളായിരിക്കണം എന്നത് എല്ലാ വിദ്യാഭ്യാസ ചിന്തകന്മാരും അംഗീകരിച്ചിട്ടുള്ള ഒരു പൊതുതത്വമാണ്. ഇപ്രകാരം മനസ്സിലാക്കാൻ ശ്രമിച്ചില്ല എങ്കിൽ ആ അധ്യാപകൻ തന്റെ ശുശ്രൂഷയിൽ ഒരു പരാജയമായിത്തീരാനാണ് കൂടുതൽ സാധ്യത. പണ്ടൊരു വീട്ടിലെ ഗൃഹനാഥൻ ഒരു കുഞ്ഞ് ജനിച്ച് അധികം നാൾ കഴിയുന്നതിനു മുമ്പ് ഭാര്യയേയും കുഞ്ഞിനേയും നാട്ടിലാക്കി, വിദേശത്ത് ജോലിക്കു പോയി. ഓർമ്മ വച്ചതിനു ശേഷം ആ കുഞ്ഞ് ഒരിക്കലും ആ പിതാവിനെ കണ്ടിരുന്നില്ല. കാരണം ആ കുഞ്ഞിന് ഓർമ്മവയ്ക്കുന്ന നാളിന് മുമ്പുതന്നെ ആ പിതാവ് വിദേശത്തു പോയിരുന്നു. എന്നാൽ ഓർമ്മവച്ച നാൾ മുതൽ അവന്റെ അമ്മ അവന്റെ പിതാവ് വിദേശത്താണെന്ന് അവനെ ഓർമ്മിപ്പിക്കുമായിരുന്നു. നാട്ടിൽ വിദേശത്തുനിന്നു വരുന്നവരുടെ പക്കൽ ആ പിതാവ് ഭാര്യയ്ക്കും കുഞ്ഞിനുമുള്ള സമ്മാനങ്ങളും വസ്ത്രങ്ങളും കൊടുത്തുവിടുമായിരുന്നു. എന്നാൽ പിതാവിന്റെ വരവിനായി ആ കുഞ്ഞും മാതാവും ആകാംക്ഷയോടെ കാത്തിരുന്നു. ഒരിക്കൽ അവരുടെ പ്രതീക്ഷകളെയെല്ലാം സഫലമാക്കിക്കൊണ്ട് ആ പിതാവ് വീട്ടിലെത്തി. ധാരാളം സമ്മാനങ്ങളും അദ്ദേഹം കൊണ്ടുവന്നിരുന്നു. വീട്ടിലെത്തിയപ്പോൾ സംഭാഷണമദ്ധ്യേ ഭാര്യ അദ്ദേഹത്തോടു ചോദിച്ചു – "വിദേശത്തുള്ള പലരും എല്ലാ വർഷവും വരാറുണ്ടല്ലോ? നിങ്ങൾ മാത്രം എന്താണ് വരാതിരുന്നത്. എന്നെയും കുഞ്ഞിനെയും നിങ്ങൾ മറന്നതുകൊണ്ടാണോ?" ഈ ചോദ്യം അയാളെ പ്രകോപിതനാക്കി. അയാൾക്കു കുടിക്കാനായി ഭാര്യ കൊണ്ടുവന്ന ചായകൊണ്ടുവന്ന കപ്പ് അയാൾ തട്ടിത്തെറിപ്പിച്ചു. അയാൾ മുറിക്കുള്ളിൽ നിന്നും പുറത്തേയ്ക്കിറങ്ങി വരാന്തയിൽ പോയി കിടന്നു. ഭാര്യ കരഞ്ഞ് മുറിക്കുള്ളിൽ പോയി കിടന്നു. കുഞ്ഞ് ഇതെല്ലാം കണ്ട് പേടിച്ച് കരഞ്ഞു കരഞ്ഞ് സ്വീകരണമുറിയിൽ തറയിൽ കിടന്ന് ഉറങ്ങിപ്പോയി. പിറ്റേദിവസം ഞായറാഴ്ച ആയിരുന്നു. രാവിലെ പള്ളിയിലെ ആരാധനയ്ക്ക് മണിമുഴങ്ങുന്നതു കേട്ടാണ് ആ ഭർത്താവും ഭാര്യയും കുഞ്ഞും ഉണർന്നത്. ഭർത്താവ് കുഞ്ഞിനെയും എടുത്ത് പള്ളിയിൽ പോയി. കുഞ്ഞിനെ സണ്ടേസ്കൂൾ ക്ലാസ്സിൽ കൊണ്ടുചെന്ന് ഇരുത്തി. സണ്ടേസ്കൂൾ അധ്യാപകൻ അന്ന് ക്ലാസ്സ് എടുത്തത് സ്വർഗ്ഗത്തിൽ നമുക്ക് നല്ലൊരു പിതാവുണ്ട് എന്നു പറഞ്ഞാണ്. ഇതു കേട്ട് ആ കുട്ടി പൊട്ടിത്തെറിച്ചു. ആ കുട്ടി പറഞ്ഞു – "സ്വർഗ്ഗത്തിൽ അങ്ങനെയൊരു പിതാവുണ്ടെങ്കിൽ ഞങ്ങളുടെ വീട്ടിലോട്ട് വരരുതേ എന്ന് പറയണം. വിദേശത്തുള്ള പിതാവ് വന്നപ്പോൾ തന്നെ വീട്ടിൽ കണ്ണുനീരിന്റെ അനുഭവമായിരുന്നു". സ്വർഗ്ഗസ്ഥനായ പിതാവിനെക്കുറിച്ച് അധ്യാപകൻ പറഞ്ഞപ്പോൾ കുട്ടി അവന്റെ പിതാവിന്റെ സ്വഭാവത്തെയാണ് ഓർത്തത്. ആ കുട്ടിയുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാൻ അധ്യാപകന് കഴിഞ്ഞതുമില്ല. നമ്മെ മനസ്സിലാക്കുന്ന നല്ല ഗുരുവാണ് ക്രിസ്തു. എല്ലാ അധ്യാപകരും കുട്ടികളെയും അവരുടെ ചുറ്റുപാടുകളെയും മനസ്സിലാക്കി പഠിപ്പിക്കുമ്പോഴാണ് കുട്ടികൾക്ക് അവർ ശ്രേഷ്ഠ ഗുരുക്കന്മാരായി തീരുന്നത്. സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച 'സ്ത്രീകൾ: ദൈവീക വിമോചനത്തിൽ പങ്കാളികൾ' എന്ന വിഷയമാണ് ധ്യാനിക്കുന്നത്. അന്ന് സേവികാസംഘദിനമായി നാം ആചരിക്കുന്നു. സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് ഏറ്റവും ശ്രദ്ധേയമായ വെളിപ്പെടുത്തലുകൾ സുവിശേഷത്തിൽ നല്കപ്പെടുന്നുണ്ട്. യേശുവിനെ അനുഗമിച്ചവരുടെ കൂട്ടത്തിൽ സ്ത്രീകളുമുണ്ടായിരുന്നു. യേശു അവർക്ക് അർഹമായ സ്ഥാനം നല്കുകയും സ്വർഗ്ഗീയ സത്യങ്ങൾ പലതും അവരോടു വെളിപ്പെടുത്തുകയും ചെയ്തിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന് ക്രിസ്തീയ സഭ നല്കിയ പ്രാധാന്യം നമ്മുടെ നാടിന്റെ ചരിത്രത്തിൽ തന്നെ ചെലുത്തിയ സ്വാധീനം ശ്രദ്ധേയമാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പ്രത്യേകം സ്കൂളുകൾ തന്നെ തുടങ്ങുവാൻ സഭ തയ്യാറായത് അതിന്റെ ദൃഷ്ടാന്തമാണ്. ഇന്ന് മാർത്തോമ്മാ സഭയുടെ പ്രസ്ഥാനങ്ങളിലും കൗൺസിലുകളിലും ഭരണസമിതികളിലും സ്ത്രീകൾക്ക് അർഹമായ സ്ഥാനം നല്കുന്നുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യം അത്രെ. എന്നാൽ കൂദാശപരമായ കാര്യങ്ങളിൽ സഭ അതിന്റെ പൈതൃകം നിലനിർത്തുകയും ചെയ്യുന്നു. സെപ്റ്റംബർ 20 ഞായർ വയോജനദിനമായാണ് നാം ആചരിക്കുന്നത്. 'മുതിർന്ന തലമുറയുടെ വിജ്ഞാനം' എന്നതാണ് അന്നത്തെ ചിന്താവിഷയം. മുതിർന്നവരെ ആദരിക്കുമ്പോൾ അവരുടെ അനുഭവസമ്പത്തിനെയും കൂടിയാണ് നാം ആദരിക്കുന്നത്. പിതാവിന്റെ കരങ്ങളിൽ തന്റെ പ്രാണനെ ഏല്പിക്കുന്നതിന് മുമ്പ് ക്രിസ്തു ചെയ്തത് തന്റെ മാതാവിനോടുള്ള ഉത്തരവാദിത്വം നിർവഹിക്കുകയായിരുന്നു. 'ഇതാ, നിന്റെ മകൻ' എന്നു പറഞ്ഞ് യോഹന്നാനെ തന്റെ അമ്മയേയും 'ഇതാ, നിന്റെ അമ്മ' എന്നു പറഞ്ഞ് തന്റെ അമ്മയെ യോഹന്നാനെയും ഏല്പിച്ച കർത്താവ് മുതിർന്നവരെ ആദരിക്കേണ്ടതിന്റെ ഒരു നല്ല മാതൃകയാണ് നമുക്ക് കാട്ടിത്തരുന്നത്. സെപ്റ്റംബർ 27 ഞായർ വിശുദ്ധ കുർബാനയെന്ന കൂദാശയെക്കുറിച്ച് നാം ധ്യാനിക്കുന്നു. കർത്താവു വരുവോളം നാം അനുസ്മരിക്കുവാനായി കർത്താവ് ഏർപ്പെടുത്തിയ കൂദാശയത്രെ വി. കുർബാന. വി. കുർബാന ഏർപ്പെടുത്തുന്ന സന്ദർഭത്തിൽ നാല് കാര്യങ്ങളാണ് കർത്താവ് ചെയ്തത്. 1. അവൻ അപ്പം കരങ്ങളിൽ എടുത്തു. 2. സ്തോത്രം ചെയ്തു 3. നുറുക്കി. 4. കൊടുത്തു. ലോകത്തിന്റെ കരങ്ങളാൽ തന്റെ ശരീരം നുറുക്കപ്പെടുന്നതിനെയും ദൈവത്തിന്റെ കരങ്ങളാൽ എടുത്തു വാഴ്ത്തപ്പെടുന്നതിനെയും വീണ്ടും ഒന്നാക്കി തീർക്കപ്പെടുന്നതിന്റെയും വിതരണം ചെയ്യപ്പെടുന്നതിന്റെയും അർത്ഥവത്തായ ദൃശ്യാവിഷ്കാരമത്രെ കർത്താവ് നിർവഹിച്ചത്. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ശക്തിയത്രെ ഓരോ വിശുദ്ധ കുർബാനയുടെ സന്ദർഭത്തിലും ഓരോ വിശ്വാസിയും പ്രാപിക്കുന്നത്. അതുകൊണ്ടാണ് മദർ തെരേസയോട് "ഇത്രമാത്രം സ്നേഹത്തോടുകൂടി മുഴുവൻ സമയവും അഗതികളെ ശുശ്രൂഷിക്കാൻ എങ്ങനെ സാധിക്കുന്നു"? എന്ന് ചോദിച്ചപ്പോൾ വിശുദ്ധ കുർബാനയിലൂടെ ഞാൻ ആ ശക്തി പ്രാപിക്കുന്നു എന്ന് മദർ മറുപടി പറഞ്ഞത്. "നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കയും അരുത്" (യോഹന്നാൻ 14:27) എന്നും "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്" (മത്തായി 28:20) എന്നും അരുളിച്ചെയ്തവനായ ഉയിർത്തെഴുന്നേറ്റവനായ കർത്താവിൽ ആശ്രയം വച്ച് നമുക്ക് മുമ്പോട്ടു പോകാം.

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
28-08-2015

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ